പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T 4477    26.06.2014 -ൽ മറുപടി നൽകേണ്ടത്

**റവന്യൂ വകുപ്പിലെ സെലക്ട് ലിസ്റ്റിൽ നിന്ന് ഡെപ്യൂട്ടി തഹസീൽദാർ/ ജൂനിയർ സൂപ്രണ്ടുമാരെ ഒഴിവാക്കിയ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. കെ. ഗുരുദാസൻ | ശ്രീ. അടൂർ പ്രകാശ്<br>ബഹു. റവന്യൂവും കയറും<br>വകുപ്പ് മന്ത്രി. |
| (എ) റവന്യൂ വകുപ്പിലെ വകുപ്പുതല പ്രമോഷൻ കമ്മിറ്റി (ലോവർ) കെ.എസ്. & എസ്.എസ്.ആർ. -ലെ ചട്ടം 28 (ബി)(1)(7)-നു കീഴിലുള്ള കുറിപ്പ് (1) -ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന നിർദ്ദേശങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | (എ) സസ്പെൻഷനോ, വിജിലൻസ്/ക്രിമിനൽ നടപടികൾ നിലവിലുള്ളതോ, കഠിനശിക്ഷയ്ക്കുള്ള ശിക്ഷണ നടപടികൾ നേരിടുന്നതോ ആയ ഉദ്യോഗസ്ഥരെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്താൻ പാടില്ല. എന്നാൽ ടിയാളുടെ പ്രൊമോഷനുള്ള അനുയോജ്യത യഥാസമയം ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി വിലയിരുത്തേണ്ടതും, പ്രസ്തുത നടപടിക്രമങ്ങൾ നിലവിലില്ലായിരുന്നുവെങ്കിൽ സെലക്ട് ലിസ്റ്റിൽ ടിയാളുടെ സ്ഥാനം എന്താകുമായിരുന്നുവെന്നത് നിർണ്ണയിച്ച് പ്രത്യേകം കുറിപ്പ് തയ്യാറാക്കി ഡി.പി.സി.യുടെ നടപടിക്രമങ്ങളോടൊപ്പം ഉൾക്കൊള്ളിക്കേണ്ടതാണ്. എന്നിരുന്നാലും ലഘു ശിക്ഷയ്ക്ക് നടപടി നേരിടുന്ന ഉദ്യോഗസ്ഥർ പ്രസ്തുത നടപടി ഇല്ലായിരുന്നുവെങ്കിൽ ടിയാൾ പ്രൊമോഷന് അനുയോജ്യനാണെന്ന് കണ്ടെത്തുന്ന പക്ഷം, ടിയാളെ സെലക്ട് ലിസ്റ്റിൽ താൽക്കാലികമായി ഉൾപ്പെടുത്താവുന്നതാണ്. |
| (ബി) പ്രസ്തുത വ്യവസ്ഥകൾക്ക് വിരുദ്ധമായി 2013 ഡിസംബർ 31-ാം തീയതിയിലെ 3619-ാം നമ്പർ അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചതും തിരുവനന്തപുരം ലാന്റ് റവന്യൂ കമ്മീഷണർ ആഫീസിൽ നിന്നുള്ള 20.12.2013 ലെ എൽ.ആർ.എഫ്.2-13000/2013 നമ്പർ വിജ്ഞാപനത്തിൽ പരസ്യപ്പെടുത്തിയിരിക്കുന്നതുമായ ഡെപ്യൂട്ടി | (ബി) ചട്ടങ്ങൾക്ക് വിരുദ്ധമായി ആരെയും ഒഴിവാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| | തഹസീൽദാർ/ജൂനിയർ സുപ്രണ്ടുമാരെ തഹസീൽദാർ/സീനിയർ സുപ്രണ്ട് തസ്തികകളിലേക്ക് ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്നതിനായി അംഗീകരിച്ച സെലക്ട് ലിസ്റ്റിൽ നിന്നും ആരെയെങ്കിലും ഒഴിവാക്കിയിട്ടുണ്ടോ ; | | |
| (സി) | എങ്കിൽ ആരെയൊക്കെയാണെന്നും അതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്നും അറിയിക്കുമോ ; | (സി) | ബാധകമല്ല. |
| (ഡി) | ഇവരെ സെലക്ട് ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതിന് പറഞ്ഞിരിക്കുന്ന കാരണം കെ.എസ്.& എസ്.എസ്. ആറിന് വിരുദ്ധമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ഡി) & (ഇ) | ഇല്ല |
| (ഇ) | അകാരണമായി തടയപ്പെട്ട പ്രമോഷൻ ലഭിക്കുന്നതിനു വേണ്ടി ഒഴിവാക്കപ്പെട്ടവർ അപ്പീൽ നൽകിയിട്ടുണ്ടോ ; എങ്കിൽ അപ്പീൽ നൽകിയ തീയതിയും അതിന്മേൽ സ്വീകരിച്ച നടപടിയും അറിയിക്കുമോ ; | | |
| (എഫ്) | നിയമവിരുദ്ധമായി സെലക്ട് ലിസ്റ്റിൽ നിന്നും ഒഴിവാക്കിയതു മൂലം അവർക്ക് നഷ്ടമായ പ്രമോഷൻ ലഭ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ? | (എഫ്) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ.